**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **619** **08.03.2012 ൽ** മറുപടിക്ക്

## പകർച്ചവ്യാധികളെ നേരിടുവാൻ കർമ്മ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എം.പി. വിൻസെന്റ് | **ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)** |
| എ) പകർച്ചവ്യാധികളെ നേരിടുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | എ) പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഒരു സമഗ്ര ആരോഗ്യ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പരിപാടി അനുസരിച്ച് ഓരോ പ്രദേശത്തും ഉണ്ടാകാവുന്ന പകർച്ചവ്യാധികളെ മുൻകൂട്ടി മനസ്സിലാക്കി അവയെ തടയുവാനുള്ള പ്രവർത്തനങ്ങൾ കാലേകൂട്ടി നടത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനായി 2010-ൽ നടപ്പിലാക്കിയ ഫോർപ്ളസ് തീവ്രയജ്ഞ പരിപാടിയനുസരിച്ചുള്ള പ്രവർത്തനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.<br>പകർച്ചവ്യാധികൾ നേരിടുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഈ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ പകർച്ചവ്യാധികളെ നേരിടുവാനായി മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും സേവനം ഓരോ ജില്ലകളിലേയും ടാസ്ക് ഫോഴ്സിന്റെ നിർദ്ദേശപ്രകാരം ഉപയോഗപ്പെടുത്തുന്നു. |

പകർച്ചവ്യാധികളെ നേരിടുന്നതിനായി ഹോമിയോപ്പതി വകുപ്പിൽ ദ്രുതകർമ്മ സാംക്രമിക രോഗ നിയന്ത്രണ സെൽ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ ഭാഗമായി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, രോഗപ്രതിരോധ മരുന്നു വിതരണം എന്നിവ നടത്തിവരുന്നു.

ബി) ഏതെല്ലാം ഏജൻസികളുടെ പങ്കാളിത്തത്തോടെയാണ് ഇതു നടപ്പാക്കുന്നത്;

ബി) സമഗ്ര ആരോഗ്യ പരിപാടി വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പാക്കി വരുന്നത്. ആരോഗ്യ വകുപ്പിന് പുറമേ തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങി ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും ഈ പരിപാടിയിൽ പങ്കാളികളാക്കിയിട്ടുണ്ട്.

സി) ഈ പദ്ധതിയിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?

സി) ഈ പദ്ധതിയിലൂടെ രോഗം വരാനുള്ള കാലയളവ് കഴിഞ്ഞ കാലത്തെ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കുന്നതിനും അതനുസരിച്ച് പകർച്ചവ്യാധികളെ മുൻകൂട്ടി നിർണ്ണയിച്ച് അവയെ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ കാലേകൂട്ടി നടത്തുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. രോഗം വരാനുള്ള സാധ്യതകളെ മനസ്സിലാക്കി അവയെ ഫലപ്രദമായി ഇല്ലാതാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

സെക്ഷൻ ഓഫീസർ.